നമ്പർ സി4/3247/2019

സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം
കൈമനം, തിരുവനന്തപുരം
തീയതി 06.12.2019

## വിജ്ഞാപനം നമ്പർ 48 / ആഗസ്റ്റ് 2019

വിഷയം:– കെ.ജി.റ്റി.ഇ – **ഫോട്ടോഗ്രഫി പരീക്ഷ** – 2019
സൂചന:– . സ.ഉ (എം.എസ്) നം. 51/2018/ H.Edn തീയതി 19.2.2018.

1. സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന കെ.ജി.റ്റി.ഇ ( ഫോട്ടോഗ്രഫി) പരീക്ഷ എഴുതുന്നതിന് യോഗ്യരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.
2. പരീക്ഷാ ടൈംടേബിൾ www.tekerla.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. പരീക്ഷാ കേന്ദ്രങ്ങളുടെ വിവരം പിന്നീട് അറിയിക്കുന്നതാണ്.
4. **പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യതകൾ**

   പൊതു പരീക്ഷാകമ്മീഷണർ നടത്തുന്ന പത്താം ക്ലാസ്സ് പരീക്ഷ അല്ലെങ്കിൽ തുല്യമായ പരീക്ഷയിൽ വിജയിച്ചിരിക്കണം എന്നതാണ് പരീക്ഷയിൽ പങ്കെടുക്കാനുള്ള അടിസ്ഥാന യോഗ്യത. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നേരിട്ടു നടത്തുന്നതോ/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ ഫോട്ടോഗ്രഫി വിഭാഗത്തിൽപ്പെട്ട വിഷയങ്ങളിൽ പഠനം പൂർത്തീകരിച്ച് 80% ൽ കുറയാതെ ഹാജർ ഉള്ളവർ പരീക്ഷ എഴുതുവാൻ യോഗ്യതയുള്ളവരായിരിക്കും. എന്നാൽ ആരോഗ്യപരമായ കാരണങ്ങളാൽ ഹാജർനില കുറഞ്ഞവർക്ക് (80% താഴെ 65% വരെ ഹാജർ ഉള്ളവർക്ക്) സ്ഥാപന മേധാവി/സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇക്കാര്യത്തിലെ അപരാധം ഒഴിവാക്കി പരീക്ഷ എഴുതുവാനുള്ള ഉത്തരവ് നേടാവുന്നതാണ്. വർഷത്തിൽ ഒരു പരീക്ഷ മാത്രം നടത്തുന്നതായിരിക്കും.

5. **അപേക്ഷാ ഫോറം**

   പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോറം www.tekerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ആയത് ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ രസീതും പത്താം ക്ലാസ്സ്/തത്തുല്യ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം സ്ഥാപനമേധാവിയ്ക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

6. **സ്ഥാപനമേധാവികൾക്കുള്ള നിർദ്ദേശങ്ങൾ**

   സ്ഥാപനമേധാവികൾ പരീക്ഷാഫോമുകൾ സ്വീകരിക്കുമ്പോൾ തന്നെ അപേക്ഷന്റെ വിവരങ്ങൾ കൃത്യമാണോയെന്നും കൃത്യമായ ഫീസ് തുകയാണോ ഒടുക്കിയിരിക്കുന്നതെന്നും പരിശോധിക്കേണ്ടതാണ്. യോഗ്യരായ അപേക്ഷകരുടെ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് (പേര്, രജിസ്റ്റർ നമ്പർ, ഫീസ് വിവരം, ഹാജർ നിലവാരം ഉൾപ്പെടെയുള്ളവ) തയ്യാറാക്കി അപേക്ഷകൾ സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

7. <u>ഫീസ് വിവരം:</u>

29.11.2013 ലെ സർക്കാർ ഉത്തരവ് (എം.എസ്) 711/H.EDN എന്ന സർക്കാർ ഉത്തരവ് അനുസരിച്ചു ള്ള പരീക്ഷാ ഫീസ്.

| | |
|---|---|
| പരീക്ഷാ ഫീസ്<br>( എല്ലാ തിയറി പരീക്ഷകൾക്കും കൂടി) | 475/- രൂപ |
| ഗവ. ട്രഷറിയിൽ ഫീസ് അടയ്ക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | 0202-02-101-98-Exam fees |
| പ്രായോഗിക പരീക്ഷ ഓരോന്നിനും പരീക്ഷാ കേന്ദ്ര ത്തിൽ അടയ്ക്കേണ്ട അധിക ഫീസ് | 160/- |

പരീക്ഷാഫീസ് സ്ഥാപന മേധാവികൾ ശേഖരിച്ച് ട്രഷറിയിൽ അടച്ച് ഒർജിനൽ ചെല്ലാൻ ഓരോ വിദ്യാർത്ഥിയുടെയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | അപേക്ഷ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 16/12/19 |
| 2 | പ്രതിദിനം 25/- രൂപ പിഴയോടുകൂടി പരീക്ഷാ ഫീസ് അടക്കേണ്ട അവസാന തീയതി | 24/12/19 |
| 3 | സ്ഥാപനമേധാവികൾ അപേക്ഷകൾ പരീക്ഷാ കൺട്രോ ളർക്ക് സമർപ്പിക്കേണ്ട അവസാന തീയതി | 27/12/19 |

(1) ഫീസാനുകൂല്യത്തിന് അർഹരായ പരീക്ഷാർത്ഥികളുടെ ആയത് തെളിയിക്കുന്ന രേഖകൾ അപേ ക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(2) ഒരിക്കൽ അടച്ച പരീക്ഷാഫീസ് ഒരു കാരണവശാലും തിരികെ നൽകുകയോ മറ്റു പരീക്ഷ കൾക്കായി പരിഗണിക്കുകയോ ചെയ്യുന്നതല്ല.

(3) പരീക്ഷാ ഫീസ് അടച്ചു എന്നത് പരീക്ഷ എഴുതുവാനുള്ള അവകാശമായി കണക്കാക്കുന്നതല്ല.

**8. അപേക്ഷ അയയ്ക്കേണ്ട വിധം:**

സ്ഥാപനമേധാവികൾ വിദ്യാർത്ഥികളിൽ നിന്നും പരീക്ഷാ ഫീസും അപേക്ഷയും വാങ്ങി പരിശോ ധിച്ച് മേലൊപ്പ് വച്ച് ഒറിജിനൽ ചെല്ലാൻ സഹിതം സാങ്കേതിക പരീക്ഷാ കൺട്രോളറുടെ ഓഫീ സിൽ 27/12/2019 തീയതിയ്ക്കു മുൻപായി എത്തിക്കേണ്ടതാണ്. ഫീസിളവുള്ള വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ ആയതിനുള്ള വ്യക്തമായ രേഖകളും സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം സമർപ്പി ക്കേണ്ടതാണ്. അപേക്ഷാഫോറം ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

**9.** പരീക്ഷാതീയതിയും സമയക്രമവും ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. പരീക്ഷയെ സംബന്ധി ക്കുന്ന എല്ലാ അറിയിപ്പുകളും ഔദ്യോഗിക വെബ്സൈറ്റായ www.tekerala.org എന്ന വെബ്സൈ റ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല. സൂക്ഷ്മ പരിശോധന (Scrutiny) നടത്തുന്നതാണ്.

**10.** കെ.ജി.സി.ഇ പരീക്ഷകൾക്ക് ഉള്ള വിജ്ഞാപനങ്ങളിൽ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ ഈ പരീക്ഷക്കും ബാധകമായിരിക്കുന്നതാണ്




**ജോയിന്റ് കൺട്രോളർ**